ഉത്തരം

ഏഴാം പദ്ധതിക്കാലത്ത് ടൂറിസം വികസന പ്രവർത്തനങ്ങൾ അംഗീകൃത ട്രാവൽ സർക്യൂട്ടുകളുടെ അടിസ്ഥാനത്തിലാണ് നടപ്പിലാക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള അത്തരം ട്രാവൽ സർക്യൂട്ടുകളിൽ പെരുന്തേനരുവി ഉൾപ്പെടുന്നില്ല. പരിമിതമായ വിഭവ ലഭ്യതയും ഏറ്റെടുക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ ബാഹുല്യവും നിമിത്തം പുതിയ കേന്ദ്രങ്ങളുടെ വികസനം ഏറ്റെടുക്കുവാൻ തൽക്കാലം നിവൃത്തിയില്ല.

പൊൻമുടി സുഖവാസ കേന്ദ്രം

778 [942] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടി സുഖവാസ കേന്ദ്രം വികസിപ്പിക്കുന്നതിനുള്ള പരിപാടികൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇത് ഒരു സമയബന്ധിത പരിപാടിയായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) പൊൻമുടിയിൽ ഗസ്റ്റ് ഹൗസ്, കോട്ടേജുകൾ, കോൺഫറൻസ് ഹാൾ എന്നിവ നിലവിലുണ്ട്. പുതിയ ചില വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വനം വകുപ്പിന്റെ കീഴിൽ ഒരു മാൻ സങ്കേതം ഉണ്ടാക്കുവാനുള്ള പണി പൂർത്തിയായിവരുന്നു. പക്ഷികളെ അടുത്തു കാണത്തക്കവിധം ഒരു 'വാക്-ഇൻ-ഏവിയറി' നിർമ്മിക്കുവാനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. പൊൻമുടിയുടെ സമഗ്രമായ വികസനത്തെപ്പറ്റി റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് സമയപരിധി നിശ്ചയിക്കുക എളുപ്പമല്ല.

പത്തനംതിട്ടയിൽ ഗസ്റ്റ് ഹൗസ്

779 [943] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഗസ്റ്റ് ഹൗസുകൾ ഉണ്ടോ; ഗസ്റ്റ് ഹൗസുകൾ ഇല്ലാത്ത ജില്ലകൾ ഏതൊക്കെയാണ്;

(ബി) വാടകകെട്ടിടങ്ങളിൽ ഗസ്റ്റ് ഹൗസുകൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം; വാടകയിനത്തിൽ എന്തു തുക പ്രതിവർഷം ചെലവാകുന്നുണ്ട്;

(സി) പത്തനംതിട്ടയിൽ ഒരു ഗസ്റ്റ് ഹൗസ് ആരംഭിക്കാൻ നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഇല്ല. ആലപ്പുഴ, പത്തനംതിട്ട, കാസർകോഡ്, എന്നീ ജില്ലകളിൽ ഇപ്പോൾ ഗസ്റ്റ് ഹൗസുകൾ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൃപ്പൂണിത്തുറ ഗസ്റ്റ് ഹൗസ് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടകയിനത്തിൽ പ്രതിവർഷം 48,000 രൂപ ചെലവാകുന്നുണ്ട്.

(സി) പത്തനംതിട്ടയിൽ ഒരു ഗസ്റ്റ് ഹൗസ് നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; അതിനായി സ്ഥലം കണ്ടെത്തിയിട്ടുമുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉടനെത്തന്നെ സ്ഥലം പരിശോധിച്ച് അനന്തര നടപടികളും കൈക്കൊള്ളുന്നതാണ്.

തേക്കടി പെരിയാർ ഹൗസ്, ഹോട്ടൽ ആരണ്യനിവാസ് എന്നിവയുടെ വരവുചെലവു കണക്കുകൾ

780 [944] ശ്രീ. കെ. കെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ടൂറിസം ഡെവലപ്പ്മെൻറ് കോർപ്പറേഷന്റെ മാനേജ്മെൻറിലുള്ള തേക്കടി പെരിയാർ ഹൗസ്, ഹോട്ടൽ ആരണ്യനിവാസ് എന്നിവയുടെ 1980.81 മുതൽ 1985.86 വരെയുള്ള വർഷങ്ങളിലെ വരവു ചെലവു കണക്കുകൾ വ്യക്തമാക്കുമോ?

ഉത്തരം

വരവു ചെലവു കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ‡

ശബരിമല തീർത്ഥാടകർ

781 [945] ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്ദർശനത്തിനായി എത്തുന്ന ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും വളരെ പരിമിതമായ താമസ സൗകര്യങ്ങൾ മാത്രമാണുള്ളതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ ടൂറിസ്റ്റ് ഡിപ്പാർട്ടുമെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടൂറിസ്റ്റുകൾക്കും തീർത്ഥാടകർക്കും യാത്രാമദ്ധ്യേ താമസിക്കുന്നതിനുള്ള ക്യാമ്പുകൾ നിർമ്മിക്കുന്നതിന് ഗവൺമെൻറ് നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഉണ്ട്. പമ്പയിലും സന്നിധാനത്തിലും കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാകത്തക്ക യാത്രിക (ധർമ്മശാല)കൾ നിർമ്മിക്കുവാൻ ഉദ്ദേശമുണ്ട്. ഇതിനാവശ്യമായ സ്ഥലം വനം വകുപ്പിൽ നിന്നും ലഭിച്ചാൽ കേന്ദ്രസഹായത്തോടുകൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കാനാവും എന്നാണു പ്രതീക്ഷ.

‡ അനുബന്ധം VI

LIBRARY ARCHIVES Kerala Legislative Assembly